# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2203 | 5/5/2017-ലെ മറുപടിയ്ക്ക്

## കൈവല്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ടി.പി. രാമകൃഷ്ണൻ (ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അംഗപരിമിതരുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് 'കൈവല്യ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് "കൈവല്യ". ഈ പദ്ധതിയിൽ 4 ഘടകപദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്.<br>1)വൊക്കേഷണൽ & കരിയർ ഗൈഡൻസ്<br>2) കപ്പാസിറ്റി ബിൽഡിങ്<br>3) മത്സരപ്പരീക്ഷ പരിശീലനം<br>4) സ്വയം തൊഴിൽ – പലിശ രഹിത വായ്പ പദ്ധതി.<br>പദ്ധതിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ളവരെ, മേൽ പരാമർശിച്ചിട്ടുള്ള ഒന്നോ അതിലധികമോ |

ഘടക പദ്ധതികളിലൂടെ വരുമാനമാർഗ്ഗമുള്ള തൊഴിൽ കണ്ടെത്തി സ്വയം പ്രാപ്തരാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ നല്കുന്നു.

- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 40% ഭിന്നശേഷിയുടെ സർട്ടിഫിക്കറ്റ് സഹിതം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും കൈവല്യ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്.
- ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ നല്കാവുന്നതാണ്.
- എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും അപേക്ഷ നല്കുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ്.
- കൈവല്യയുടെ ഘടക പദ്ധതികളിലേക്ക് ഈ ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതായിരിക്കും.
- സ്വയം തൊഴിൽ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന്, അപേക്ഷകന്റെ പ്രായം 55 വയസ്സ് കഴിയാൻ പാടില്ല.
- സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിന് വാർഷിക വരുമാനം 2,00,000 (രണ്ടു ലക്ഷം രൂപ) കവിയാൻ പാടില്ല.
- വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
- ബി.പി.എൽ റേഷൻ കാർഡ് ഉടമകൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
- ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് വായ്പ നൽകുന്നതിനുള്ള സംരംഭകരെ തെരഞ്ഞെടുക്കുന്നത്.

- വായ്പ തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.
- വായ്പ തുക തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.(50% സബ്സിഡി കഴിച്ച്)
- വായ്പ ലഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകൻ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനായിട്ടുള്ള ബോണ്ട് ഒപ്പിട്ടു നൽകേണ്ടതാണ്.

സി) ആദ്യ ഘട്ടമെന്ന നിലയിൽ, പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ ?

സി) 2016-17 സാമ്പത്തിക വർഷത്തിൽ കൈവല്യ പദ്ധതിയുടെ ആദ്യ ഘട്ടം 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള അംഗപരിമിതർക്കു വേണ്ടിയുള്ള ആറ് സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ 2016-17 സാമ്പത്തിക വർഷത്തിൽ 307 ഭിന്നശേഷിക്കാരായ സ്വയം തൊഴിൽ സംരംഭകർക്ക് പലിശരഹിത വായ്പയും 198 ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള 25 ദിവസത്തെ പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ